6. ലീസിനുകൊടുത്ത ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ലീസിനു കൊടുത്ത അനേകായിരം ഏക്കർ വനഭൂമികളും കാലാവധി കഴിഞ്ഞിട്ടും ഗവൺമെന്റ് ഏറ്റെടുക്കാൻ ശ്രമിക്കുന്നില്ലെന്നുള്ളതാണ് എന്റെ പരാതി. പാലക്കാട് ജില്ലയിലെ നെല്ലിയാംപതി പ്രദേശത്തുമാത്രം ഒൻപതിനായിരം ഏക്കർ വനഭൂമി ലീസിന്റെ കാലാവധി കഴിഞ്ഞിട്ടും വനംവകുപ്പു ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ഇവിടെ വനം സംരക്ഷിക്കാൻ വേണ്ടി പല നിയമങ്ങളും കൊണ്ടുവരുന്നു. സൗകര്യം ഉണ്ടായിരുന്നിട്ടുപോലും നമുക്ക് നിയമപ്രകാരം ചെയ്യാൻ സാധിക്കുന്നതുപോലും ഏറ്റെടുക്കുന്നില്ല. പല കരാറുകാരും കരാർപോലും കാണുന്നില്ലെന്നാണ് പറയുന്നത്. ഫോർ എവർ ഇട്ടാണ് പല ലീസിന്റേറയും എഗ്രിമെന്റുകൾ. അനേകായിരം ഏക്കർ വനഭൂമി കിട്ടാനുള്ളത് ഏറ്റെടുക്കാനുള്ള ഒരു പ്രത്യേക നിയമനിർമ്മാണമോ, അല്ലെങ്കിൽ ഒരു ഓർഡിനൻസോ ഇറക്കിയാൽ അനേകായിരം ഏക്കർ വനഭൂമി കേരളത്തിന് കിട്ടും. അങ്ങനെ വനഭൂമി പിടിച്ചെടുക്കാനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, സംസ്ഥാനത്ത് രാജഭരണകാലത്തും ഐക്യകേരളം ഉടലെടുക്കുന്നതിനുമുമ്പും, അതിനു ശേഷവുമെല്ലാം വിവിധ ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി ലീസിനു കൊടുത്തിട്ടുണ്ട്. അതിൽ ചിലതിൽ 99 വർഷത്തെ കാലാവധിയാണ്, മറ്റ് ചിലതിൽ കാലാവധിയേയില്ല, വേറെ ചിലതിൽ 20 വർഷത്തെ കാലാവധിയാണ്. 20 വർഷത്തെ കാലാവധിവച്ച് ലീസിനു കൊടുത്ത ഭൂമികൾ തിരിച്ചെടുക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. കാലാവധി തീരുന്ന മുറയ്ക്ക് അതനുസരിച്ച് തിരിച്ചെടുത്തുകൊണ്ടിരിക്കുകയാണ്. 99 വർഷത്തെ കാലാവധിക്ക് കൊടുത്തതും, കാലാവധി തീരെ വയ്ക്കാതെ കൊടുത്തിട്ടുള്ളതുമായ സ്ഥലങ്ങൾ സംബന്ധിച്ചുള്ളവ എങ്ങനെ ഒഴിപ്പിക്കാം എന്നുള്ളത് നിയമപരമായ ഒരു കാര്യംകൂടിയാണ്. നിയമവകുപ്പിന്റേയും നിയമവിദഗ്ധന്മാരുടേയും അഭിപ്രായം ഈ കാര്യത്തിൽ ഗവൺമെന്റ് ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ആ നിയമപരമായ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു.

7. കാസർഗോഡ് ജില്ലയോടുള്ള അവഗണന

Dr. A. Subba Rao : Sir, through this submission I would like to draw the attention of the Chief Minister to the continued backwardness and neglect of the Kasaragod Area even after 2½ years of the formation of the District and 4½ years of this Government's Rule.

Sir, taking into consideration the backwardness of that area, the Chandrabhanu Commission which was constituted during the time of Shri Achutha Menon's Ministry had recommended several schemes for the all round development of that area to raise it to the level of other developed areas of the state. But unfortunately only very few schemes were taken up and implemented up to 1980.

Then the L. D. F. Government had constituted the Kasaragod Area Development Authority giving powers to sanction the works and a sub-division was formed to carry out the works.

LIBRARY ARCHIVES Kerala Legislative Assembly

The Committee had submitted to the Government a comprehensive scheme costing about Rs. 22 crores to be implemented in five years. But only meagre funds were allotted under this head but still it was a good beginning and the Sub-division started existing the works in right earnest.

But, Sir, the proportionate allotment of funds for the regular Departmental Schemes started getting smaller and smaller and hence with the hope that we will get propertional adequate share; we pressed for the District and it was conceded. On the eve of the formation of the District I may recall that the Chief Minister had assured that apart from the regular funds special consideration for the development of that area will be provided. The then Finance Minister had repeatedly assured, on the floor of this House, that financial constraints will not come in the way of implementing the schemes for the development of this area and all efforts to provide adequate funds will be taken. Moreover we were assured that the Authority will not be abolished.

Sir, All these assurances have been observed more in its breach than in its implementation. The Authority was abolished under the protest that it will involve duplication of work and even the Sub-division was converted into a regular one under the Buildings Division. So not only no new works are being taken by the various Departments but even those works that have been already undertaken are left in the lurch.

So, Sir, I request that the Authority be reconstituted and given the responsibility of completing those works as per the scheme submitted by the earlier Authority and more funds alloted for the regular Departmental Schemes.

Sir, Another main aspect for the continued backwardness of that area is the poor allocation of funds for the extension of Electricity. There are no major or medium Irrigation Schemes in that District and the Agriculturist depend on ground water and lift irrigation schemes for which electricity is an absolute necessity. Even though the Minister claims that the target for Kasaragod Division has been achieved, I am afraid, that enough attention for the extension of electricity for new areas under R. E. C., S. P. A. and normal development works has not been given.

Now as per the latest policy of the K. S. E. B. only contribution or priority scheme will be implemented first and the tariff for Agricultural, Commercial and Industrial purpose has been increased which will adversely affect the development works.

Till recently allocation of power to the consumer was given by the Assistant Executive Engineer up to 60 Horse Power (viz. 50 KVA). But as per the present rule all allocations if more than 10 Horse Power is to be sanctioned by the board at Thiruvananthapuram. There are many applications pending and

LIBRARY ARCHIVES Kerala Legislative Assembly

the procedure of sending the files from the section all the way to the Board and back results in undue delay to the applicant and several Trips to Thiruvananthapuram involving heavy expenditure. Even the self-Employment Schemes and small Scale Industries have been badly affected as a result of this procedure.

So, Sir, I strongly plead that special attention be given for all the developmental works and for the electrification of that backward area, so that the people of that area may not feel that they are being neglected but all steps are being taken to improve their lot.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാസർകോടിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ചാണ് ഒരു ജില്ല തന്നെ രൂപീകരിക്കാൻ തീരുമാനിച്ചത്. KADA ഉണ്ടാക്കിയിരുന്നത്, ഒരു പിന്നോക്ക പ്രദേശത്തിന്റെ വികസനത്തിനുവേണ്ടിയാണ് കാസർകോട് ഏരിയാ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ചിരുന്നത്. പക്ഷെ ജില്ല വന്നതോടുകൂടി KADA-യുടെ ആവശ്യമില്ലാതായി എന്നുള്ളതുകൊണ്ട് അതു നിർത്തൽ ചെയ്തു. അലോക്കേഷനെ സംബന്ധിച്ചാണെങ്കിൽ ഒരു പിന്നോക്കപ്രദേശമെന്ന നിലയിൽ വളരെയധികം പരിഗണന കൊടുത്തിട്ടുണ്ടെന്നു കണക്കുകൾ സമാധാനം പറയും. നമ്മുടെ ബഡ്ജറ്റിൽ വികസനത്തിനായി നീക്കിവച്ചിട്ടുള്ള തുകയിൽ1985-1986-ൽ ആദ്യം 3.21 കോടി രൂപയായിരുന്നെങ്കിൽ അതു പിന്നീട് റിവൈസ് ചെയ്തു 5.81 കോടിയായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷത്തിൽ ഏതാണ്ട് 2 കോടിയിൽപ്പരം രൂപ ഈയൊരിനത്തിൽ മാത്രം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിനായി നീക്കിവച്ച സംഖ്യയിൽ പകുതിയും കാസർകോടിനാണ് ചെലവു ചെയ്തത്. ആർ. എൽ. ഇ. ജി. പി. യുടെ കാര്യത്തിലാണെങ്കിൽ, ഏതാണ്ട് നാല് ശതമാനത്തോളം അതായത് 70 ലക്ഷം രൂപ കാസർകോടിന് മാത്രമായി ചെലവു ചെയ്തു. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ കിട്ടേണ്ടതിനെക്കാൾ കൂടുതൽ സംഖ്യ ഇപ്പോൾ ചെലവു ചെയ്തിട്ടുണ്ട്. സ്കൂൾ, ഡിസ്പെൻസറി, ഹോസ്പിറ്റൽ എന്നിവയുടെ കാര്യത്തിലൊക്കെ ജനസംഖ്യാനുപാതികമായി കിട്ടേണ്ടതിനെക്കാൾ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. എങ്കിൽപ്പോലും കാസർകോടിന്റെ പിന്നോക്കാവസ്ഥയെപ്പറ്റി എല്ലാപേർക്കും അറിയാവുന്നതാണ്. ആ നിലയ്ക്ക് കൂടുതൽ കാര്യങ്ങൾ കാസർകോടിനുവേണ്ടി നീക്കിവയ്ക്കാൻ എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇനി അലോട്ടുമെന്റ് വരുന്ന സമയത്തു പോരായ്മകൾ നികത്താൻകൂടിയുള്ള സംഖ്യ നിർദ്ദേശിക്കണമെന്ന് എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കാസർകോടിന്റെ കാര്യത്തിൽ ഗവൺമെന്റിന് വളരെ താൽപ്പര്യമുണ്ട്. അതിന് പ്രത്യേകമായ പരിഗണനയുണ്ട്.

8. പെൻഷൻകാർക്കുള്ള ആനുകൂല്യം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 4-ാം ശമ്പളകമ്മീഷൻ റിപ്പോർട്ട് കിട്ടി രണ്ടു വർഷം കഴിഞ്ഞിട്ടും ഈ സംസ്ഥാനത്തെ ഒരു ലക്ഷത്തോളം വരുന്ന പെൻഷൻകാരോട് ഗവൺമെന്റ് നീതി പാലിച്ചിട്ടില്ലെന്നുള്ള ശക്തിയായ ആക്ഷേപം ഇപ്പോഴും നിലനിൽക്കുകയാണ്. അവർ കളക്ടറേറ്റ് പടിക്കലും സെക്രട്ടേറിയറ്റ് നടയിലും വെയിലും മഴയും കൊണ്ട് ഇന്നും ധർണ്ണ നടത്താനിടയാക്കുന്നത് തീർച്ചയായും ഈ ഗവൺമെന്റിനു ഭൂഷണമല്ല.

LIBRARY ARCHIVES Kerala Legislative Assembly